
# കോളർലെസ്സ് ഷർട്ട്

*നമ്മൾ പഠിക്കാൻ പോവുന്നത് എങ്ങിനെ ഒരു ബട്ടൺ ഡൗൺ കോളർലെസ്സ് ഷർട്ട് നിർമ്മിക്കാം എന്നാണ്.*


















മെറ്റീരിയൽ ലിസ്റ്റ്

45 "വീതിയുള്ള 2.5 മീറ്റർ അച്ചടിച്ച തുണിത്തരങ്ങൾ
ഞങ്ങളുടെ വെബ്സൈറ്റ് www.ushasew.com ൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന കോളർലെസ് ഷർട്ടിനുള്ള ടെംപ്ലേറ്റ്
ചോക്ക്
ബീഡഡ് പിന്നുകൾ
കത്രിക
സ്കെയിൽ
അളവ് ടേപ്പ്
¼ മീറ്റർ ക്യാൻവാസ് ഫ്യൂസിംഗ്
ഉഷ ജനോം ബട്ടൺ ഹോൾ ഫൂട്ട്
മാച്ചിങ്ങ് നൂലുകൾ
12 സ്കെയിൽ

ഈ വീഡിയോയിൽ, ഞങ്ങൾ നിങ്ങൾക്ക് ടെംപ്ലേറ്റ് ഉപയോഗിച്ച് ഷർട്ടിനാവിശ്യമായ വ്യത്യസ്തമായ കഷ്ണങ്ങൾ എങ്ങനെ മുറിക്കാമെന്നും,ഷർട്ടിന്റെ ഫ്രന്റ് പീസ് എങ്ങനെ തയ്യാറാക്കാമെന്നും ഫ്രന്റ്, ബാക്ക് പീസുകൾ യോജിപ്പിക്കൽ നെക്ലൈൻ പൂർത്തിയാക്കൽ, കഫിനൊപ്പം സ്ലീവ് തയ്യാറാക്കി ഷർട്ടിൽ പിടിപ്പിക്കൽ, സൈഡ് സീമും ബോട്ടം ഹെമ്മും പൂർത്തിയാക്കൽ അവസാനമായി ബട്ടൺ പിടിപ്പിക്കൽ എന്നിവ കാണിച്ചു തരും.

## ഘട്ടം 1 ടെംപ്ലേറ്റ് അടയാളപ്പെടുത്തലും കട്ടിങ്ങും

നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു തുണി എടുക്കുക. റൈറ്റ് സൈഡ് മുകളിലേക്കാക്കി തുണി പൂർണമായും തുറക്കുക,എന്നിട്ട് ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന വിധം നീളത്തിൽ പകുതിയായി മടക്കുക. ശേഷം www ushasew.com ഇൽ നിന്നും ഡൌൺലോഡ് ചെയ്ത ഷർട്ടിന്റെ  ബാക്ക് ടെംപ്ലേറ്റ് തുണിയുടെ മുകളിലായി വെയ്ക്കുക. ഓൺ ഫോൾഡ് എന്ന് സൂചിപ്പിച്ചിട്ടുള്ള വശം തുണിയുടെ മടക്കിനു മുകളിൽ വെയ്കാനായ് ഓർമ്മിക്കുക. കുറച്ചു ബീഡഡ് പിന്നുകൾ ഉപയോഗിച്ച് സ്ഥാനത്തു പിൻ ചെയ്യുക, പിന്നുകൾ തുണിയുടെ രണ്ടു ലയറിലൂടെയും കടന്നുപോവുന്നുണ്ടെന്നു ഉറപ്പുവരുത്തുക എന്നിട്ട് ഒരു ചോക്ക് എടുത്ത് ടെംപ്ലേറ്റ് തുണിയുടെ മുകളിലായി പൂർണമായും അടയാളപ്പെടുത്തുക. ട്രേസിങ്ങ് പൂർത്തിയാക്കിയ ശേഷം ടെംപ്ലേറ്റ് അൺപിൻ ചെയ്ത് മാറ്റിവെക്കുക. ഇനി ഒരു കത്രിക ഉപയോഗിച്ച് ട്രേസ് ചെയ്ത പാറ്റേൺ മുറിച്ചെടുക്കുക പതുക്കെ കൃത്യമായി മുറിക്കുക പാറ്റേൺ അതുപോലെ തന്നെ നിലനിർത്താൻ ശ്രദ്ധിക്കുക. വളവുകളിൽ സൂക്ഷിച്ചു ചെയ്യുക. മുറിച്ച കഷ്ണം മാറ്റിവെക്കുക.

ഇനി ബാക്കി വന്ന തുണിയിൽ, അത് മടക്കി ഫ്രന്റ് എന്ന് സൂചിപ്പിക്കുന്ന ടെംപ്ലേറ്റ് അതിനു മുകളിലായി വെക്കുക അതിനു രണ്ടു കഷ്ണങ്ങളുള്ളതിനാൽ ഫ്രന്റ് ടെംപ്ലേറ്റ് മടക്കിന് മുകളിൽ അല്ല വെക്കുന്നതെന്നു ശ്രദ്ധിക്കുക.  ബാക്ക് ടെംപ്ലേറ്റിലെ പോലെ ഫ്രന്റ് ടെംപ്ലേറ്റും കുറച്ചു ബീഡഡ് പിന്നുകൾ ഉപയോഗിച്ച് സ്ഥാനത്തു പിൻ ചെയ്യുക.




എന്നിട്ട് ഒരു കഷ്ണം ചോക്ക് ഉപയോഗിച്ച് ടെംപ്ലേറ്റ് തുണിയുടെ മുകളിലൂടെ ട്രേസ് ചെയ്യുക. വളഞ്ഞ അരികുകൾ ശ്രദ്ധിക്കുക നിങ്ങൾ ചെയ്തുകഴിഞ്ഞാൽ ടെംപ്ലേറ്റ് അൺപിൻ ചെയ്തു മാറ്റി വെക്കുക. ഇനി ഒരു കത്രികയുടെ സഹായത്തോടെ ട്രേസ് ചെയ്ത ടെംപ്ലേറ്റ് മുറിച്ചെടുക്കുക. ഇതിനു നിങ്ങളുടെ പാറ്റേർണിനെ നന്നാക്കാനും നശിപ്പിക്കാനും ആവുന്നതിനാൽ ഈ ഘട്ടം വളരെ ശ്രദ്ധിച്ചു ചെയ്യുക. നിങ്ങൾ പൂർത്തിയാക്കിയാൽ ഈ കഷ്ണവും വശത്തേക്ക് മാറ്റിവെക്കുക.





ഇനി ബാക്കിയുള്ള തുണി ഉപയോഗിച്ച് നമ്മൾ സ്ലീവുകൾ നിർമ്മിക്കും. ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ തുണി പകുതിയായി മടക്കി സ്ലീവ് ടെംപ്ലേറ്റ് അതിനു മുകളിലായി സ്ഥാപിക്കുക. ടെംപ്ലേറ്റ് സ്ഥാനത്തു






ഉറപ്പിക്കാനായ് ബീഡഡ് പിന്നുകൾ ഉപയോഗിക്കുക അപ്പോൾ ട്രേസ് ചെയ്യുമ്പോൾ അവ സ്ഥാനത്തു കൃത്യമായ് ഇരിക്കും. എന്നിട്ട് ഒരു ചോക്ക് ഉപയോഗിച്ച് ടെംപ്ലേറ്റ് പൂർണമായും ടെംപ്ലേറ്റ് തുണിയിലേക്ക് ട്രേസ് ചെയ്യുക. വളഞ്ഞ അരികുകളിലൂടെ പതിയെയും കൃത്യമായും പോകുവാൻ ശ്രദ്ധിക്കുക ഒപ്പം സ്ലിറ്റുകൾ അടയാളപ്പെടുത്താനും ഓർമ്മിക്കുക. നിങ്ങൾ പൂർത്തിയാക്കിയാൽ ടെംപ്ലേറ്റ് അൺപിൻ ചെയ്യുക. പരിക്കുകൾ ഇല്ലാതിരിക്കാനായ് ബീഡഡ് പിന്നുകൾ യഥാസ്ഥാനത്തു തിരികെ വെയ്ക്കുവാനായ് ശ്രദ്ധിക്കുക. ഇനി ട്രേസ് ചെയ്ത സ്ലീവ് തുണിയിൽ നിന്നും മുറിച്ചെടുക്കുക സ്ലിറ്റുകളും മുറിക്കുവാനായ് മറക്കാതിരിക്കുക. നിങ്ങൾ പൂർത്തിയാക്കിയാൽ ബാക്കിയുള്ള തുണി എടുക്കുക. കാണിച്ചിരിക്കുന്ന പോലെ ഫേസിങ് ടെംപ്ലേറ്റ് അതിനു മുകളിൽ വെയ്ക്കുക ഒപ്പംതന്നെ പ്ലാക്കറ്റ് ടെംപ്ലേറ്റും. അടുത്തതായി കഫ് ടെംപ്ലേറ്റ് വെയ്ക്കും പക്ഷെ ശ്രദ്ധിക്കുക ഓൺ ഫോൾഡ് എന്ന് സൂചിപ്പിക്കുന്ന കഫ് ടെംപ്ലേറ്റ് തുണിയുടെ മടക്കിനു മുകളിലാണ് വെക്കുന്നതെന്നു ഉറപ്പുവരുത്തുക. ഇനി ഈ വ്യത്യസ്തമായ എല്ലാ ടെംപ്ലേറ്റുകളും തുണിയിലേക്ക് പിൻ ചെയ്യാനുള്ള സമയമാണ്. അത് നമ്മൾ ട്രേസ് ചെയ്യുമ്പോൾ സ്റ്റഡി ആയിരിക്കുന്നു എന്ന് ഉറപ്പുവരുത്തും. അടുത്തതായി ഒരു കഷ്ണം ചോക്ക് എടുത്തു കഫ് ടെംപ്ലേറ്റ് തുണിയിലേക്ക് ട്രേസ് ചെയ്യാൻ ആരംഭിക്കുക ശേഷം പതിയെ കൃത്യമായ പ്ലാക്കറ്റിനു നേരെ നീങ്ങുക, അവസാനമായി ഫേസിങ് ടെംപ്ലേറ്റ് ട്രേസ് ചെയ്യുക. നിങ്ങൾ പൂർത്തിയാക്കി കഴിഞ്ഞാൽ കഫ് ടെംപ്ലേറ്റ് അൺപിൻ ചെയ്തു നമ്മുക്ക് രണ്ടു കഫ് കഷ്ണങ്ങൾ ആവശ്യമായതിനാൽ സൈഡിൽ വീണ്ടും പിൻ ചെയ്യുക ഇതും ട്രേസ് ചെയ്തെടുക്കുക. ഇനി, പതിയെ എല്ലാ ടെംപ്ലേറ്റുകളും അൺപിൻ ചെയ്തു ഒരു വശത്തേക്ക് മാറ്റി വെക്കുക. ഒരു കത്രിക എടുത്ത് ട്രേസ് ചെയ്ത എല്ലാ കഷ്ണങ്ങളും മുറിച്ചെടുക്കുക. കഫിൽ നിന്നും ആരംഭിച്ചു പ്ലാക്കറ്റിലേക്ക് നീങ്ങുക. വളഞ്ഞ അരികുകളിൽ വളരെ ശ്രദ്ധിക്കുക അവസാനമായി ഫേസിങ് തുണിയിൽ നിന്നും മുറിച്ചെടുക്കുക. എല്ലാം ഒരുമിച്ചു നിരത്തിവെക്കുക നിങ്ങളുടെ മുറിച്ചെടുത്ത എല്ലാ കഷ്ണങ്ങളും ഇങ്ങനെ ഇരിക്കും.













അടുത്തതായി ബാക്കിയുള്ള തുണിയും ഒരു ഫുൾ ലെങ്ത് റൂളറും എടുക്കുക. റൂളർ 45 ഡിഗ്രി അങ്കിളിൽ വെച്ച് ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ ഒരു സ്ട്രൈറ്റ് ലൈൻ അടയാളപ്പെടുത്തുക ഈ സ്ട്രൈറ്റ് ലൈനിൽ നിന്നും ഒരു ടേപ്പ് ഉപയോഗിച്ച് 1 1/4 തുണിയിൽ അടയാളപ്പെടുത്തുക.നമ്മുക്ക് ഒരു നേർരേഖ ലഭിക്കാനായി കൃത്യമായ ഇടവേളകളിലായ് ഇങ്ങനെ അടയാളം സൃഷ്ടിക്കുക . അടയാളപ്പെടുത്തിയ പോയിന്റുകൾ യോജിപ്പിക്കുക അടയാളപ്പെടുത്തിയ ലൈനിലൂടെ മുറിച്ചെടുക്കുക നമ്മുടെ ബയസ് സ്ട്രിപ്പ് തയ്യാറായി.













ഇനി ക്യാൻവാസ് ഫ്യൂസിങ് എടുക്കുക എന്നിട്ട് തിളങ്ങുന്ന വശങ്ങൾ പരസ്പരം അഭിമുഖീകരിക്കുന്ന വിധം പകുതിയായി മടക്കി കഫ് ടെംപ്ലേറ്റ് അതിനു മുകളിലായി വെയ്ക്കുക. നമ്മൾ കഫിനു രണ്ടു കഷ്ണങ്ങൾ ലഭിക്കാനായി ഫ്യൂസിങ് പകുതിയായി മടക്കി. തുണിയുടെ മുകളിലൂടെ അത് ട്രേസ് ചെയ്യുക. തുണിയിൽ നിന്നും ട്രേസ് ചെയ്ത കഷ്ണം ശ്രദ്ധിച്ചു മുറിച്ചെടുക്കുക. നിങ്ങളുടെ കയ്യിൽ ഇതുപോലെ രണ്ടു കഷ്ണം ഉണ്ടായിരിക്കണം. ഗ്രേറ്റ് ജോബ്! നമ്മൾ എല്ലാ മുറിക്കലും പൂർത്തിയാക്കിയിരുന്നു.


## ഘട്ടം 2 ഷർട്ടിന്റെ മുൻവശത്തെ കഷ്ണങ്ങൾ തയ്യാറാക്കൽ





അടുത്ത ഘട്ടത്തിനായ്, നമ്മൾ മുറിച്ച ഷർട്ടിന്റെ മുൻവശത്തെ രണ്ടു കഷ്ണങ്ങളും രണ്ടു ഫേസിങ് സ്ട്രിപ്പും എടുക്കുക. ഫേസിങ് സ്ട്രിപ്പ് ഷർട്ടിന്റെ ഫ്രന്റ് ഓപ്പണിങ്ങിൽ തുന്നിപിടിപ്പിക്കണം. അതിനായ്, അവ നിങ്ങളുടെ ഉഷ ജനോം അല്ലൂർ ഡി എൽ എക്സ് മെഷീനിലേക്ക് കൊണ്ട് വരുക. ഫ്രന്റ് പീസിന്റെ വലതുവശത്തെ റോങ്ങ് സൈഡിന് മുകളിലായി ഫേസിങ് സ്ട്രിപ്പ് വെയ്ക്കുക. ഫ്രന്റ് പീസ് റൈറ്റ് സൈഡ് മുകളിലേക്കു വരും വിധം പ്രെസർ ഫൂട്ടിന്റെ അരികുമായ് അലൈൻ ചെയ്യുക. പക്ഷെ തുന്നാൻ ആരംഭിക്കും മുൻപ് പാറ്റേൺ സെലക്ടർ ഡയൽ സ്‌ട്രൈറ്റ് സ്റ്റിച്ചിനായുള്ള എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്തെന്നു ഉറപ്പുവരുത്തി തുന്നാൻ ആരംഭിക്കുക. ഷർട്ടിന്റെ അറ്റം വരെ മുഴുവനായും പോവുക. നമ്മുടെ സ്റ്റിച്ചുകൾ സുരക്ഷിതമാക്കാനായ് റിവേഴ്‌സ് സ്റ്റിച്ച് സെലെക്ടറിന്റെ സഹായത്തോടെ ഒന്ന് രണ്ടു റിവേഴ്‌സ് സ്റ്റിച്ചുകൾ ചെയ്യാൻ മറക്കാതിരിക്കുക.








നിങ്ങൾ പൂർത്തിയാക്കി കഴിഞ്ഞാൽ,പൂർത്തിയാവാത്ത സൈഡിൽ നിന്നും ഫേസിങ് സ്ട്രിപ്പ് തുറന്നു റൈറ്റ് സൈഡിൽ ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ പകുതിയായി മടക്കുക. ഇനി മടക്കു എടുത്ത് സീം ലൈനിനു മുകളിലായി വെയ്ക്കുക. നമ്മൾ ഇപ്പോൾ ഈ മടക്കിനു മുകളിലൂടെ തുന്നണം. ഈ ഫോൾഡ് 1.5 ഇഞ്ച് നീളമുണ്ട്. നിങ്ങൾ പോവുന്നതിനൊപ്പം മടക്കു സൂക്ഷിക്കുക. തുന്നുമ്പോൾ മടക്കു കൃത്യം സീം ലൈനിനു മുകളിലാണെന്നു ഉറപ്പുവരുത്തുക. പൂർത്തിയായ സ്റ്റിച്ചുകൾ ഇങ്ങനെയിരിക്കും. ഒരു വൃത്തിയുള്ള ഫിനിഷിങ്ങിനായി അധികമുള്ള നൂലും തുണിയും മുറിച്ചുമാറ്റുക. ഇനി ഫ്രന്റ് പീസിന്റെ ഇടതു വശത്തെ കഷ്ണം എടുക്കുക ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ തുണിയുടെ റൈറ്റ് സൈഡുമായി ഫേസിങ് സ്ട്രിപ്പ് മാച്ച് ചെയ്യുക. എന്നിട്ട് അത് സ്ഥാനത്തു തുന്നിപിടിപ്പിക്കുക. തുടക്കത്തിലും അവസാനവും റിവേഴ്‌സ് സ്റ്റിച്ച് ചെയ്യാൻ മറക്കാതിരിക്കുക. തുണിയുടെ അവസാനം എത്തുംവരെ സ്‌ട്രൈറ്റ് സ്റ്റിച്ച് തുടരുക.




നിങ്ങൾ പൂർത്തിയാക്കിയാൽ, ഫേസിങ് സ്ട്രിപ്പ് മറിച്ചു കാണിച്ചിരിക്കുന്ന പോലെ തുറക്കുകയും ക്രീസ് ചെയ്യുകയും ചെയ്യുക. ഇപ്പോൾ തുണി തിരിക്കുക എന്നിട്ട് ഫേസിങ് സ്ട്രിപ്പ് പകുതി വരെ മടക്കി പതുക്കെ ഫോൾഡിനു മുകളിലൂടെ അമർത്തി ക്രീസ് ചെയ്യുക. എന്നിട്ട് സ്ട്രിപ്പ് കാണിച്ചിരിക്കുന്ന പോലെ മുഴുവനായും സീം ലൈൻ വരെ മടക്കുക. അരികു പ്രെസർ ഫൂട്ടുമായ് അലൈൻ ചെയ്തു തുന്നാൻ ആരംഭിക്കുക. തുണിയുടെ അവസാനം വരെ നീങ്ങുക തുടക്കത്തിലും അവസാനവും ഒന്ന് രണ്ടു റിവേഴ്‌സ് സ്റ്റിച്ച് ചെയ്യാൻ മറക്കാതിരിക്കുക.





ഒരിക്കൽ നിങ്ങൾ പൂർത്തിയാക്കിയാൽ, നിങ്ങളുടെ തുന്നലുകൾ ഇങ്ങനെ ഇരിക്കും നിങ്ങൾക്ക് കാണാനാവുന്നതുപോലെ ഫ്രണ്ടിന്റെ റൈറ്റ് പീസിലെ ഫേസിങ് തുണിയുടെ റൈറ്റ് സൈഡിലും ഷർട്ടിന്റെ ലെഫ്റ്റ് സൈഡിലെ ഫേസിങ് റോങ്ങ് സൈഡിലുമാണ്. ഇങ്ങനെയാണ് അത് മുന്നിൽ നിന്നും പിന്നിൽ നിന്നും കാണാനിരിക്കുന്നത്.



























## ഘട്ടം 3 ഷോൾഡറുകൾ തുന്നി മുൻ,പിൻ വശങ്ങൾ യോജിപ്പിക്കലും നെക്ക്ലൈൻ പൂർത്തിയാക്കലും

നെക്ക്ലൈൻ പൂർത്തിയാക്കലും
ഇനി, ഷർട്ടിന്റെ ബാക്ക് പീസ് രണ്ടു ഫ്രന്റ് പീസുകളുടെ മുകളിലായ് വെയ്ക്കുക. ഇനി നമ്മൾക്ക് ഷോൾഡറുകൾ അറ്റാച്ചു ചെയ്യുന്നതിലും ബയസ് സ്ട്രിപ്പ് ഉപയോഗിച്ച് നെക്ക് ലൈൻ പൂർത്തിയാക്കുന്നതിലും വർക്ക് ചെയ്യാം. കഷ്ണങ്ങൾ നിങ്ങളുടെ തുന്നൽ മെഷീനിലേക്ക് എടുക്കുക. ആദ്യം നമ്മൾ ഷോൾഡറുകളിൽ വർക്ക് ചെയ്യാം റോങ്ങ് സൈഡ് റോങ്ങ് സൈഡിനെ ഫേസ് ചെയ്യും വിധത്തിൽ അവ അടുക്കിവെച്ചു തുന്നാൻ ആരംഭിക്കുക. പൂർത്തിയായാൽ സീം അലോവെൻസിന്റെ മുകളിൽ നിന്ന് 1/8 ഇഞ്ച് മുറിച്ചു മാറ്റുക. സ്റ്റിച്ചുകൾ മുറിഞ്ഞു പോവാതിരിക്കാൻ ശ്രദ്ധിക്കുക. ഇപ്പോൾ ഷർട്ട് തുറന്നു സ്റ്റിച്ചിന് മുകളിലൂടെ നിങ്ങളുടെ വിരലുകൾ ഉപയോഗിച്ച് പതിയെ ക്രീസ് ചെയ്യുക. ഇനി ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ മടക്കി ഫോൾഡിനു മുകളിലൂടെ തുന്നുക. നമ്മൾ ഒരു ഫ്രഞ്ച് സീം നിർമ്മിക്കുകയാണ്. നിങ്ങൾ പൂർത്തിയാക്കിയാൽ, അത് മറിച്ചിട്ട് തുറന്നു വീണ്ടും സ്റ്റിച്ചുകൾ പതിയെ ക്രീസ് ചെയ്യുക. നമ്മൾക്ക് വീണ്ടും സ്റ്റിച്ചുകൾ മടക്കി ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ അതിനു മുകളിലൂടെ തുന്നണം. നമ്മൾ പൂർത്തിയാക്കിയാൽ, തുണി തുറന്നു, ജോയിനിങ്ങിനു മുകളിലൂടെ റൈറ്റ് സൈഡ് നിങ്ങളെ ഫേസ് ചെയ്യും വിധം ഒരു എഡ്ജ് സ്റ്റിച്ച് ചെയ്യുക.

തുണി പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക. ഇതേ പ്രക്രിയ അടുത്ത ഷോൾഡറിലും ആവർത്തിക്കുക. ആവശ്യമെങ്കിൽ ഈ സ്റ്റെപ് വീണ്ടും കാണുക. ഒരിക്കൽ ഷോൾഡർ സ്റ്റിച്ചിങ് പൂർത്തിയായാൽ, ലിസ്റ്റിൽ അടുത്തതായി ഉള്ളത് നെക്ക്ലൈനിൽ വർക്ക് ചെയ്യൽ ആണ്.

നമ്മൾ മുറിച്ചെടുത്ത ബയസ് സ്ട്രിപ്പ് പുറത്തെടുത്തു പകുതിയായി മടക്കി നെക്ക്ലൈനിന്റെ റൈറ്റ് സൈഡുമായി അലൈൻ ചെയ്യുക. തുടക്കത്തിൽ, അര ഇഞ്ച് വിട്ട ശേഷം സ്ട്രിപ്പ് മുറിക്കുക. സ്ട്രിപ്പിന്റെ അധിക കഷ്ണം ഉള്ളിലേക്കു മടക്കുക. ഇനി, ബയസ് സ്ട്രിപ്പ് നെക്ക്ലൈനിലേക്ക് തുന്നിപിടിപ്പിക്കാം. സ്ട്രിപ്പും തുണിയും പ്രെസെർ ഫൂട്ടിനു അടിയിൽ അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക. തുന്നുന്നതിനൊപ്പം ബയസ് സ്ട്രിപ്പ് അഡ്ജസ്റ്റ് ചെയ്തുകൊണ്ടിരിക്കുക. നിങ്ങൾ അറ്റത്തു എത്തുമ്പോൾ ബയസ് സ്ട്രിപ്പ് ഒരു അര ഇഞ്ച് അധികം ഉള്ളിലേക്ക് മടക്കി അതിനു മുകളിലൂടെ സ്റ്റിച്ച് ചെയ്യുക. സ്റ്റിച്ചുകൾ സുരക്ഷിതമാക്കുവാനായ് റിവേഴ്സ് സ്റ്റിച്ച് ചെയ്യുക.

നിങ്ങളുടെ അവസാന സ്റ്റിച്ചുകൾ ഇങ്ങനെ ഇരിക്കണം. നിങ്ങൾക്ക് കാണാവുന്നത് പോലെ, നമ്മുക്ക് മുകളിൽ കുറച്ചധികം സീം അലോവെൻസ് ഉണ്ട്. നമ്മൾക്ക് അത് മുറിക്കാം. സ്റ്റിച്ചുകൾ മുറിക്കാതിരിക്കാൻ നമ്മൾ വളരെ ശ്രദ്ധിക്കണം . നിങ്ങൾ പൂർത്തിയാക്കിയാൽ, ട്യൂട്ടോറിയലിൽ ചൂണ്ടിക്കാണിച്ച ഭാഗത്തു ഒരു വട്ടം എഡ്ജ് സ്റ്റിച്ചുകൾ ചെയ്യുക. തുന്നാൻ ആരംഭിച്ചു പതിയെ മറ്റേ അറ്റത്തേക്ക് നീങ്ങുക.

സ്റ്റിച്ചിങ് നിർത്തി വൃത്തിയുള്ള ഫിനിഷിങ്ങിനായി അധികമുള്ള നൂൽ മുറിച്ചു മാറ്റുക. പക്ഷെ നമ്മൾ പൂർത്തിയാക്കിയിട്ടില്ല. നമ്മൾ വീണ്ടും റോങ്ങ് സൈഡിലേക്ക് സ്ട്രിപ്പ് മടക്കി ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ അതിനു മുകളിലൂടെ തുന്നുക. അത് പ്രെസെർ ഫൂട്ടിന്റെ അരികുമായ് അലൈൻ ചെയ്തു തുന്നാൻ ആരംഭിക്കുക. കൃത്യമായി മറ്റേ അറ്റത്തേക്ക് നീങ്ങുക ഇതാ നമ്മൾ പൂർത്തിയായി. നിങ്ങൾ കാണുന്ന അധിക നൂലുകൾ മുറിച്ചു മാറ്റുക.






കട്ടിങ് ബോർഡിലേക്ക് തിരിച്ചു പോവുക. നിങ്ങൾ കാണുന്നത് പോലെ , നമ്മൾ ഷോൾഡറുകളും നെക്ക് ലൈനും തുന്നിയിരിക്കുന്നു. ഇത് വളരെ വൃത്തിയായിരിക്കുന്നില്ലേ!





## ഘട്ടം 4 സ്ലീവുകൾ തയ്യാറാക്കൽ

അടുത്തതായി, നമ്മൾ സ്ലീവിൽ വർക്ക് ചെയ്യാൻ പോവുകയാണ്. മുറിച്ചുവച്ച സ്ലീവ് കഷ്ണങ്ങൾ പുറത്തെടുക്കുക. ഇനി അവ പകുതിയായി മടക്കുക ഇതായിരിക്കും നമ്മുടെ റൈറ്റ് സ്ലീവ് അതുപോലെ ഇതാണ് ലെഫ്റ്റ് സ്ലീവ്. നമ്മൾ ആദ്യം ലെഫ്റ്റ് സ്ലീവിൽ വർക്ക് ചെയ്യും.








സ്ലീവ് തുറന്നു അത് റൈറ്റ് സൈഡ് മുകളിലേക്കായ് ഡ്രോവിങ്ങ് ബോർഡിന് മുകളിലായി വെയ്ക്കുക. ഇവിടെയുള്ള സ്ലിറ്റിലാണ് നമ്മൾ പ്ലാക്കറ്റ് സ്ട്രിപ്പുകൾ അറ്റാച്ച് ചെയ്യാൻ പോവുന്നത്. പ്ലാക്കറ്റ്  സ്ട്രിപ്പിന്റെ ഒരു ചെറിയ കഷ്ണം തുണിയുടെ റൈറ്റ് സൈഡിലേക്ക് പോവും. അവ സ്റ്റഡി ആയിരിക്കാനായ് കാണിച്ചിരിക്കുന്ന പോലെ സ്ഥാനത്തു പിൻ ചെയ്യുക. നീളം കൂടിയ പ്ലാക്കറ്റ് സ്ട്രിപ്പ് തുണിയുടെ റോങ്ങ് സൈഡിലേക്ക് തുന്നിപിടിപ്പിക്കുക. നീണ്ട പ്ലാക്കറ്റ് സ്ട്രിപ്പ് സ്ലീവുമായ മാച്ച് ചെയ്തു പിൻ ചെയ്യുക. സ്ട്രിപ്പുകൾ സ്ലീവിലേക്ക് തുന്നിപിടിപ്പിക്കാം. ആദ്യം, നമ്മൾ ചെറിയ പ്ലാക്കറ്റ് തുണിയിലേക്ക് പിടിപ്പിക്കാം. പിൻ ഊരിമാറ്റി തുന്നാൻ ആരംഭിക്കാം. റിവേഴ്സ് സ്റ്റിച്ച് ചെയ്യാൻ മറക്കരുത്. നിങ്ങൾ പൂർത്തിയാക്കിയാൽ, സ്ട്രിപ്പ് തിരിച്ചു തുറന്നു പതിയെ സീം ലൈൻ ക്രീസ് ചെയ്യുക. തുണി തിരിച്ചിട്ട് സ്ട്രിപ്പ് തുണിയുടെ റോങ്ങ് സൈഡിലേക്ക് മടക്കുക. വീണ്ടും പകുതിയായി മടക്കി മടക്കിലൂടെ ക്രീസ് ചെയ്യുക. ഇനി മടക്കു എടുത്ത് കാണിച്ചിരിക്കുന്ന പോലെ സ്റ്റിച്ച് ലൈനിനു മുകളിലായി വെയ്ക്കുക. ഇനി ഈ മടക്കിനു മുകളിലൂടെ തുന്നുക. ഒരിക്കൽ നമ്മൾ പൂർത്തിയാക്കിയാൽ നമ്മൾ അടുത്ത പ്ലാക്കറ്റ് സ്ലീവിൽ അറ്റാച്ച് ചെയ്യാൻ വർക്ക് ചെയ്യാം. പിൻ ചെയ്ത ഭാഗം തുന്നുക,തുന്നുന്നതിനൊപ്പം പിന്നുകൾ ഊരിമാറ്റുക.



നമ്മൾ ഇതേ പ്രക്രിയ അടുത്ത സ്ലീവിലും ആവർത്തിക്കണം. നമ്മൾ രണ്ടു കഷ്ണം  പ്ലാക്കറ്റും സ്ലീവിലേക്ക് അറ്റച്ചു ചെയ്യണം.

നമ്മുടെ അവസാന തുന്നലുകൾ ഇങ്ങനെ ഇരിക്കണം. അടുത്തതായി അയേൺ എടുത്ത് അറ്റാച്ച് ചെയ്ത പ്ലാക്കറ്റിനു മുകളിലൂടെ അയേൺ ചെയ്യുക. നീളംകൂടിയ പ്ലാക്കറ്റ് സ്ട്രിപ്പ് എടുത്ത് തിരിച്ചു തുറന്നു ഒരു 1/4 മടക്കു സ്റ്റിച്ച് ചെയ്യാത്ത വശത്തു ഇടുകയും ഫോൾഡ് നിലനിർത്താനായി അതിനു മുകളിലൂടെ അയേൺ ചെയ്യുകയും ചെയ്യുക. എന്നിട്ട് സ്ട്രിപ്പ് മടക്കുക അപ്പോൾ ഫോൾഡ് ചെയ്ത കഷ്ണം സ്റ്റിച്ച് ലൈനിനു മുകളിലായി വരും. അത് അയേൺ ചെയ്യുക.
പൂർത്തിയായാൽ, പ്ലാക്കറ്റ് മുകളിലെ അരികിൽ നിന്നും 1/4 ഇഞ്ച് ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ  മടക്കുക.







എന്നിട്ട് ഫോൾഡ് നിലനിർത്താനായി  അതിനു മുകളിലൂടെ അയേൺ ചെയ്യൂക. എന്നിട്ട് വീണ്ടും മുകളിൽ നിന്നും  മടക്കി ത്രികോണത്തിന്റെ പീക്ക് രൂപപെടുത്താനായി അയേൺ ചെയ്യുക.






ഈ സ്റ്റെപ്പുകൾ പൂർത്തിയായാൽ നമ്മൾ ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന പോലെ പ്ലാക്കറ്റിൽ  ടാക്കിങ് സ്റ്റിച്ചുകൾ ചെയ്യും. സ്ലിറ്റ് ഓപ്പണിങ്ങിനു മുകളിലൂടെ സ്റ്റിച്ച് ചെയ്യാതിരിക്കാൻ ഓർമ്മിക്കുകയും അവിടെ എത്തും മുൻപ് സ്റ്റിച്ച് അവസാനിപ്പിക്കുകയും ചെയ്യുക. നമ്മൾ ഇപ്പോൾ ടാക്കിങ് സ്റ്റിച്ച് ചെയ്യാൻ പോവുകയാണ് നിങ്ങൾ അരികുകളിൽ എത്തുമ്പോൾ മുഴുവനായും ഒരൊറ്റ സ്റ്റിച്ച് ഉറപ്പുവരുത്തുവാനായ് പിവട്ട് ടെക്നിക് ഉപയോഗിക്കുക. ബോക്സ് പൂർത്തിയാകാനായ് 1/4 ഇഞ്ചിൽ ദൂരത്തിൽ  ഒരു പാരലൽ സ്റ്റിച്ച് ലൈൻ ചെയ്യുക. നിങ്ങൾ പൂർത്തിയാക്കിയാൽ ടാക്കിങ് സ്റ്റിച്ചുകൾ  മുറിച്ചുമാറ്റുക. മുറിക്കുമ്പോൾ ശ്രദ്ധിക്കുക നമ്മുക്ക് നമ്മളുടെ പ്രധാന തുന്നലുകൾ മുറിയാതെ ശ്രദ്ധിക്കണം. ഇങ്ങനെയായിരിക്കും നമ്മളുടെ അവസാന സ്റ്റിച്ചുകൾ ഇരിക്കുന്നത്.



ഇനി,നമ്മൾ കഫ് അറ്റാച്ച് ചെയ്യുന്നതിനായി വർക്ക് ചെയ്യാം. കഫിന്റെ ഒരു കഷ്ണവും ഒപ്പം അതിന്റെ ഫ്യൂസിങ്ങും എടുക്കുക. കഫ് കഷ്ണം ഓപ്പൺ ചെയ്തു ഫ്യൂസിങ് മെറ്റീരിയൽ റിവേഴ്സ് സൈഡിന് മുകളിൽ വെച്ച് അയേൺ ചെയ്യുക. ഒരിക്കൽ ഫ്യൂസിങ് മെറ്റീരിയൽ സ്റ്റക്ക് ആയാൽ ഫ്യൂസിങ് സൈഡ് നിങ്ങളെ ഫേസ് ചെയ്യും വിധം ഒരിക്കൽ കൂടി കഫ് മടക്കുക.




നമ്മൾ ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന വിധം വെർട്ടിക്കൽ ആയ അരികുകൾ തുന്നണം. കഫിന്റെ അരികു പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക. നിങ്ങൾ പൂർത്തിയാക്കിയാൽ, അധികമുള്ള സീം അലോവെൻസ് മുറിച്ചുമാറ്റുക. ഇനി സ്റ്റിച്ച് ചെയ്യാത്ത വശത്തു, ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന വിധം ഫ്യൂസിങ് സ്ട്രിപ്പിനു മുകളിലായി ഒരു ഭാഗം മടക്കി അതിനു മുകളിലൂടെ തുന്നുക. അധികമുള്ള നൂൽ മുറിക്കുക.












ഇനി,നമ്മൾ കഫ് അറ്റാച്ച് ചെയ്യുന്നതിനായി വർക്ക് ചെയ്യാം. കഫിന്റെ ഒരു കഷ്ണവും ഒപ്പം അതിന്റെ ഫ്യൂസിങ്ങും എടുക്കുക. കഫ് കഷ്ണം ഓപ്പൺ ചെയ്തു ഫ്യൂസിങ് മെറ്റീരിയൽ റിവേഴ്സ് സൈഡിന് മുകളിൽ വെച്ച് അയേൺ ചെയ്യുക. ഒരിക്കൽ ഫ്യൂസിങ് മെറ്റീരിയൽ സ്റ്റക്ക് ആയാൽ ഫ്യൂസിങ് സൈഡ് നിങ്ങളെ ഫേസ് ചെയ്യും വിധം ഒരിക്കൽ കൂടി കഫ് മടക്കുക.

നമ്മൾ ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന വിധം വെർട്ടിക്കൽ ആയ അരികുകൾ തുന്നണം. കഫിന്റെ അരികു പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക. നിങ്ങൾ പൂർത്തിയാക്കിയാൽ, അധികമുള്ള സീം അലോവെൻസ് മുറിച്ചുമാറ്റുക. ഇനി സ്റ്റിച്ച് ചെയ്യാത്ത വശത്തു, ട്യൂട്ടോറിയലിൽ കാണിച്ചിരിക്കുന്ന വിധം ഫ്യൂസിങ് സ്ട്രിപ്പിനു മുകളിലായി ഒരു ഭാഗം മടക്കി അതിനു മുകളിലൂടെ തുന്നുക. അധികമുള്ള നൂൽ മുറിക്കുക.













നിങ്ങൾക്ക് കാണാനാവുന്നത് പോലെ, നമ്മൾ ഒരു വശം തുന്നിയിരിക്കുന്നു. മെറ്റീരിയൽ ഉള്ളിൽ നിന്നും പുറത്തേക്കു മറിയ്ക്കുക അപ്പോൾ ഫ്യൂസിങ് ഉള്ളിലേക്ക് പോകും. ശ്രദ്ധയോടെ അരികുകൾ പുറത്തേക്ക് തിരിച്ചു അത് ഒരു വശത്തേക്കു മാറ്റിവെക്കുക. അടുത്തതായി, നമ്മൾ സ്ലീവ് മെറ്റീരിയൽ എടുത്ത് റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം  പകുതിയായി മടക്കണം. തുറന്ന വശം പിൻ ചെയ്യുക. നമ്മൾ  സ്ലീവ് സീം അലോവെൻസ് പകുതിവരെ തുന്നേണ്ടതുണ്ട്. ഇനി നമ്മുടെ കഷ്ണങ്ങൾ തുന്നൽ മെഷീനിലേക്ക് എടുക്കാം. സ്ലീവിന്റെ സൈഡ് സീം മാച്ച് ചെയ്ത് അത് പ്രെസെർ ഫൂട്ടിനടിയിൽ അലൈൻ ചെയ്തു തുന്നാൻ ആരംഭിക്കുക. റിവേഴ്സ് സ്റ്റിച്ച് ചെയ്യാൻ മറക്കരുത്. അധികമുള്ള നൂൽ മുറിക്കുക. സ്ലീവ് ഉള്ളിൽ നിന്നും പുറത്തേക്കു തിരിക്കുക. ഇനിയാണ് ഏറ്റവും രസകരമായ ഭാഗം,കഫ് അറ്റാച്ച് ചെയ്യൽ. നന്നായി ശ്രദ്ധിക്കുക. സ്ലീവിന്റെ അരികിൽ നിന്നും നമ്മൾ അറ്റാച്ച് ചെയ്ത നീണ്ട പ്ലാക്കറ്റിലേക്ക് 1 1/2 ഇഞ്ച് അളന്നു മാർക്ക് ചെയ്യുക ഇനി കഫ് അളക്കുക. നിങ്ങൾക്കു കാണാനാവുന്നത് പോലെ കഫ് ഉള്ളിൽ  9 3/4 ആണ്. ഇപ്പോൾ, സ്ലീവ് ഓപ്പണിങ്ങിൽ 9 3/4 അളക്കുക. അരികിൽ നിന്നും നമ്മൾ ചെറിയ പ്ലാക്കറ്റ് അറ്റാച്ച് ചെയ്തിടത്തേക്ക്, ഈ പോയിന്റ് സൂചിപ്പിക്കുന്നത് 9 3/4 ആണ്. ഇനി ബാക്കി ഉള്ള പുറത്തേക്ക് വരുന്ന 2 1/4  ഭാഗം പ്ലീറ്റിന്റെ ഉള്ളിലേക്ക് പോകും. അതിനാൽ ആദ്യത്തെ അടയാളപ്പെടുത്തിയ പോയിന്റിൽ നിന്നും 2 1/4 അളന്നു മാർക്ക് ചെയ്യുക. ഇനി ഈ രണ്ടു പോയിന്റുകളുടെയും സെന്റെർ പോയിന്റ് അളന്നു അവിടെ മാർക്ക് ചെയ്യുക. ആദ്യത്തെ മാർക്ക് പിഞ്ച് ചെയ്തു ശേഷം സെന്റർ മാർക്ക് മടക്കി പിഞ്ച് ചെയ്ത തുണി മൂന്നാമത്തെ മാർക്കിന്റെ മുകളിലേക്കു വെയ്ക്കുക. പ്ലീറ്റ് സ്ഥാനത്തു പിന് ചെയ്യുക. അളവുകൾ കൃത്യമാണെന്ന് ഉറപ്പു വരുത്താനായി ഒരിക്കൽ കൂടി സ്ലീവ് ലെങ്ത് അളക്കുക, അത് 9 3/4 ആയിരിക്കണം. നമ്മൾ ഇനി ഒരു ചെറിയ സ്റ്റിച്ച് കാണിച്ചിരിക്കുന്ന പോലെ പ്ലീറ്റിൽ ഇടണം.





തുന്നിയ സ്ലീവ് കഫിനുള്ളിൽ കയറ്റി മുകളിൽ തുന്നുക. നിങ്ങൾ തുന്നുന്നതിനൊപ്പം സ്ലീവും കഫും അഡ്ജസ്റ്റ് ചെയ്തുകൊണ്ടിരിക്കുക. നമ്മൾ ഇപ്പോൾ കഫിനു ചുറ്റിലുമായി മുഴുവനായും തുന്നണം. കഫിന്റെ അരികു പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്തത് തുന്നാൻ ആരംഭിക്കണം. നിങ്ങളുടെ അവസാന സ്റ്റിച്ചുകൾ ഇങ്ങനെ ഇരിക്കണം. അടുത്ത സ്ലീവിലും ഇതേ പ്രക്രിയ ആവർത്തിക്കണം. നിങ്ങൾക്ക് കാണാനാവുന്നത് പോലെ, നമ്മൾ പ്ലാക്കറ്റും കഫും തടസമില്ലാതെ സ്ലീവിലേക്ക് അറ്റാച്ച് ചെയ്തു. പ്ലീറ്റും പുറത്തേക്കു തള്ളിനിൽക്കാതെ വളരെ സുഗമമായി ഇരിക്കുന്നു.




















## ഘട്ടം 5 സ്ലീവ് അറ്റാച്ച് ചെയ്യലും സൈഡ് സീമും ബോട്ടം ഹെമ്മും പൂർത്തിയാക്കലും.


നിങ്ങൾക്ക് കാണാനാവുന്നത് പോലെ നമ്മൾ സ്ലീവ് ഇവിടെ അറ്റാച്ചു ചെയ്തു. ഷർട്ട് കാണിച്ചിരിക്കുന്ന പോലെ മറിച്ചു തുറക്കുക. ഒരു സ്ലീവ് എടുത്ത് പകുതിയായി മടക്കുക.ഒരു കത്രിക ഉപയോഗിച്ച് പകുതിയിൽ ഒരു നോച്ച് ഇടുക. ഈ നോച്ച് ഷർട്ടിന്റെ പകുതിയിൽ ഷോൾഡറിൽ മാച്ച് ചെയ്തു സ്ഥാനത്തു പിൻ ചെയ്യുക. റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക. തുന്നലിന്റെ എളുപ്പത്തിനായ് സ്ലീവിനു ചുറ്റിലുമായി പിന്നുകൾ ചേർക്കുക. മറു വശത്തും ഇതേ പ്രക്രിയ ആവർത്തിക്കും. ഷർട്ട് മറിച്ചു തുറന്നു സ്ലീവിന്റെ നടുവിൽ ഒരു മാർക്ക് ഇടുക. എന്നിട്ട് സ്ലീവിന്റെ ആം ഹോളും പർട്ടും ഷർട്ട് പീസും ഒന്നിപ്പിച്ചു പിൻ ചെയ്യുന്നത് തുടരുക. ആം ഹോളിൽ വർക്ക് ചെയ്തതിനു ശേഷം നമ്മൾ സൈഡിൽ വർക്ക് ചെയ്യും ഒപ്പം ഷർട്ടിന്റെ സൈഡ് സീമിലും വർക്ക് ചെയ്യും.

നിങ്ങളുടെ പിൻ ചെയ്ത ഷർട്ട് പീസുകൾ നിങ്ങളുടെ ഉഷ ജനോം അല്ലൂർ ഡി എൽ എക്സ് മെഷീനിലേക്ക് കൊണ്ടുവരുക. സ്ലീവിന്റെ അരികു പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക. മറു വശത്തേക്ക് നീങ്ങുന്നതിനൊപ്പം നമ്മൾ പിന്നുകൾ ഊരിമാറ്റുകയും ചെയ്യുക. നിങ്ങൾക്ക് കാണാവുന്നതുപോലെ, നമ്മൾ സ്ലീവ് ഷർട്ടിലേക്ക് തുന്നിപിടിപ്പിച്ചു. ഇതേ പ്രക്രിയ മറുവശത്തും തുടരുക. ഒരിക്കൽ പൂർത്തിയാക്കിയാൽ, നമ്മൾ സൈഡ് സീം തുന്നാൻ ആരംഭിക്കും, സ്ലീവുകൾ ഒരുമിച്ചു മാച്ച് ചെയ്ത ശേഷം സ്ലീവിന്റെ മദ്ധ്യത്തിൽ നിന്നും ഹെമ്മിനു നേരെ നീങ്ങുക. നിങ്ങൾ പോവുന്നതിനൊപ്പം തുണി അഡ്ജസ്റ്റ് ചെയ്തുകൊണ്ടിരിക്കുക. മറു വശത്തും ഇതുതന്നെ ആവർത്തിക്കുക. നിങ്ങൾക്ക് കാണാനാവുന്നത് പോലെ നമ്മൾ സൈഡ് സീം തുന്നുന്നതു പൂർത്തിയാക്കി. പക്ഷെ നമ്മൾ ചെയ്തുകഴിഞ്ഞില്ല. നമ്മൾ സൈഡ് സീം വീണ്ടും തുന്നണം പക്ഷെ ഇത്തവണ നമ്മൾ സിഗ്സാഗ് സ്റ്റിച്ചിങ് ആണ് ചെയ്യുന്നത്. പാറ്റേൺ സെലക്ടർ ഡയൽ സി ആയും സ്റ്റിച്ച് ലെങ്ത് 1.5 ആയും സെറ്റ് ചെയ്തു തുന്നാൻ ആരംഭിക്കുക. ഈ സ്റ്റിച്ചുകൾ നമ്മുടെ ഷർട്ടിനു വൃത്തിയുള്ള ലുക്ക് നൽകുകയും ഫ്രെയിങ് എഡ്ജുകൾ ഇല്ലാതാക്കുകയും ചെയ്യാൻ സഹായിക്കുന്നു. കണ്ടില്ലേ ഇവ എത്ര വൃത്തിയായിരിക്കുന്നു എന്ന്! അടുത്തതായി ഷർട്ടിന്റെ ബോട്ടം ഹെമ്മിങ് ആണ് ലിസ്റ്റിൽ ഉള്ളത്. അതിനായ് ഷർട്ടിന്റെ അടിഭാഗം 1/4 ഇഞ്ച് രണ്ടു തവണ മടക്കുക. നമ്മൾ ഈ മടക്കിനു മുകളിലൂടെ തുന്നും. പാറ്റേൺ സെലെക്ടർ ഡയൽ സ്ട്രൈറ്റ് സ്റ്റിച്ച് ആയ എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും റീസെറ്റ് ചെയ്യാൻ മറക്കാതിരിക്കുക. തുന്നാൻ ആരംഭിക്കുക ഒപ്പം തുന്നുന്നതിന്റെ കൂടെ മടക്കികൊണ്ടിരിക്കുകയും ചെയ്യുക. ചുറ്റിലും മുഴുവനായും പോവുക. സീംലൈനിൽ തുന്നുമ്പോൾ കൂടുതൽ ശ്രദ്ധിക്കുക. നിങ്ങളുടെ അവസാന സ്റ്റിച്ചുകൾ ഇങ്ങനെ ഇരിക്കും. ഒരു തിരിഞ്ഞുനോട്ടം, നമ്മൾ സ്ലീവുകൾ ഷർട്ടിലേക്ക് അറ്റാച്ച് ചെയ്യുകയും സൈഡ് സീം തുന്നുകയും ബോട്ടം ഹെം ചെയ്യുകയും ചെയ്തു.


## ഘട്ടം 6 ബട്ടൻസ് അറ്റാച്ച് ചെയ്യൽ

നമ്മൾ ഷർട്ട് ചെയ്യുന്നത് ഏറെക്കുറെ പൂർത്തിയാക്കി, ഇനി കുറച്ചു ഫിനിഷിങ് ടച്ച് കൂടെയേയുള്ളു. ഷർട്ട് ഉള്ളിൽ നിന്നും പുറത്തേക്കു തിരിക്കുക. നമ്മൾ ഇടതു വശത്തു ബട്ടൺ ഹോൾ ഇടുകയും വലതു വശത്തു ബട്ടൻസ് അറ്റാച്ച് ചെയ്യുകയും ചെയ്യും.














ആദ്യത്തെ ബട്ടൺ നെക്ക് ഫേസിങ്ങിന്റെ അടിയിൽ 1 ഇഞ്ച് കഴുത്തിൽ നിന്നും വിട്ടു വെച്ച് മാർക്ക് ചെയ്യുക.സ്ട്രിപ്പിന്റെ നടുവിലാണ് ബട്ടൺ വെച്ചതെന്ന് ഉറപ്പുവരുത്തുക. അവിടെ നിന്നും 3 1/2 ഇഞ്ച് അളന്നു രണ്ടാമത്തെ മാർക്കിടുക. നിങ്ങൾ അറ്റത്തു എത്തുന്നത് വരെ ഇത് തുടരുക. ബട്ടൺ ഹോളിനായ് മറുവശത്തും ഇതുപോലെ മാർകിങ്ങ് സൃഷ്ടിക്കുക.
ആദ്യത്തെ മാർക്ക് നെക്കിൽ നിന്നും 1 ഇഞ്ച് താഴെ പിന്നീട് തുടർച്ചയായി എല്ലാ 3 ഇഞ്ചിലും.

സ്ലീവുകൾക്കായ്, ആദ്യം നമ്മൾ കഫിന്റെ സെന്റർ എടുക്കണം. കഫ് 2 1/2 ആയതിനാൽ സെന്റർ 1 1/4 ആയിരിക്കും. ഈ പോയിന്റ് മാർക്ക് ചെയ്യുക. ഇപ്പോൾ, കഫിന്റെ ഓപ്പൺ അരികിൽ നിന്നും ഉള്ളിലേക്കു 1 ഇഞ്ചു മാർക്ക് ചെയ്യുക. ഈ അടയാളമാണ് ആദ്യത്തെ ബട്ടന്റെ സ്ഥാനം. രണ്ടാമത്തെ ബട്ടൺ ഏകദേശം കഫ് ഓപ്പണിങ്ങിൽ നിന്നും 1/4 ഇഞ്ചിൽ സ്ഥാപിക്കാം. ഈ പോയിന്റയും മാർക്ക് ചെയ്യുക. ബട്ടൻസ് കാണാൻ ഇങ്ങനെ ഇരിക്കും. കഫിലെ ബട്ടൺ ഹോളിനായ് കഫിന്റെ സെന്റർ പോയിന്റ് മാർക്ക് ചെയ്യുക അതായതു കഫിന്റെ മറുവശത്തു 1 1/4 വീണ്ടും കഫ് ഓപ്പണിങ്ങിൽ നിന്നും 1ഇഞ്ച് അളന്നു  മാർക്ക് ചെയ്യുക. ഇതായിരിക്കും ബട്ടൺ ഹോളിനായുള്ള  സ്ഥാനം.
അടുത്തതായി, ഇരുവശങ്ങളിലെയും  തുന്നിയ പ്ലാക്കറ്റിന്റെ സെന്റർ എടുക്കുക എന്നിട്ട് ബട്ടന് വേണ്ടിയുള്ള് മാർകിങ്ങ് ഇടുക ഒപ്പം കഫിൽ നിന്നും 2 ഇഞ്ച് മാറി ബട്ടൺ ഹോളും. അടുത്ത സ്ലീവിലും തികച്ചും ഇതേ പ്രക്രിയ ആവർത്തിക്കുക. ഒരിക്കൽ നിങ്ങൾ എല്ലാ മാർക്കിങ്ങും പൂർത്തിയാക്കിയാൽ, നിങ്ങളുടെ ഷർട്ട് തുന്നൽ മെഷീനിലേക്ക് എടുക്കുക.

അടുത്ത ഘട്ടത്തിനായ്, സാധാരണ പ്രെസെർ ഫൂട്ട് മാറ്റി ബട്ടൺ ഹോൾ ഫൂട്ട് ഇടുക. അക്സെസറി ബോക്സ് ഊരിമാറ്റി  ഫീഡ് ഡോഗ് പൊസിഷൻ താഴ്ത്താൻ മറക്കാതിരിക്കുക. അക്സെസറി ബോക്സ് വീണ്ടും അറ്റാച്ച് ചെയ്യുക . നമ്മൾ ബട്ടൻസ് അറ്റാച്ച് ചെയ്യാൻ തയ്യാറാണ്. പാറ്റേൺ സെക്ടർ ഡയൽ സിഗ്സാഗ് സ്റ്റിച്ചിനുള്ള സി ആയും സ്റ്റിച്ച് ലെങ്ത് പൂജ്യത്തിനും ഒന്നിനും ഇടയിലായി സെറ്റ് ചെയ്യാൻ മറക്കത്തിക്കിരിക്കുക. നിങ്ങൾക്ക് ബട്ടൺ വെയ്ക്കണ്ട സ്ഥാനം ഫൂട്ടുമായ് അലൈൻ ചെയ്യുക, മാജിക് കാണുക. നിങ്ങളുടെ ഉഷ ജനോം അല്ലൂർ ഡി  എൽ എക്സ് മെഷീൻ ഉപയോഗിച്ച് ബട്ടൺ വെക്കുന്നത് ഇത്ര എളുപ്പം. ബട്ടൺ ഹോൾ നിർമ്മിക്കുന്നത് അനായാസം.
ആക്സസറി ബോക്സ് ഊരിമാറ്റി ഫീഡ് ഡോഗ് പൊസിഷൻ ഉയർത്തുക. പോയിന്റ് ഫൂട്ടിന്റെ അടിയിൽ അലൈൻ ചെയ്തു മെഷീൻ ബട്ടൺ ഹോൾ സ്റ്റിച്ചിങ്ങിനായി സെറ്റ് ചെയ്യുക. ബട്ടന്റെയും ബട്ടൺ ഹോൾ സ്റ്റിച്ചിങ്ങിന്റെയും കൂടുതൽ വിശദീകരിച്ച ട്യൂട്ടോറിയലിനായ് ഞങ്ങളുടെ വെബ് സൈറ്റ് www.ushasew.com ഇൽ നിന്നും ബട്ടൺ ഹോൾ ഫിക്സിങ്ങ് ട്യൂട്ടോറിയൽ കാണുക.

ഒരിക്കൽ ഹോൾ സ്റ്റിച്ച് ചെയ്താൽ ഹോൾ നിർമിക്കാനായി സീം റിപ്പേർ ഉപയോഗിക്കുക. അത്രയേ ഉള്ളു! ഈ പ്രക്രിയ എല്ലാ ബട്ടണും ആവർത്തിക്കുക. വോയില!! നമ്മുടെ ഷർട്ട് തയ്യാറായി! നമ്മൾ ബട്ടൺ ഹോൾ നിർമ്മിച്ച പോലെ തന്നെ ബട്ടൻസും അറ്റാച്ചു ചെയ്തു. വ്യത്യസ്തമായ മെഷീനുകളും പ്രൊഫഷണൽസും
ഇതിനായി നിങ്ങൾക്ക്  ആവിശ്യമായ കാലം കഴിഞ്ഞു. നിങ്ങളുടെ ഷർട്ട് തികച്ചും സ്റ്റൈലിഷ് ആയിരിക്കുന്നില്ലേ!